"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് - ചെറുന്നിയൂർ ഡിവിഷൻ മെമ്പറായ ശ്രീ.കൃഷ്ണൻകുട്ടിക്ക് ചികിത്സാസഹായം അനുവദിയ്ക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം)വകുപ്പ്**

**സ.ഉ.(സാധാ) നം.1202/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 12/06/2019

---

പരാമർശം:- 1. തിരുവനന്തപുരം ജില്ലാപഞ്ചായത്ത് കമ്മിറ്റിയുടെ 07.05.2019 ലെ 4(2) നമ്പർ തീരുമാനം.

2. തിരുവനന്തപുരം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് & ജില്ലാ ആസൂത്രണ സമിതി ചെയർമാൻ സമർ പ്പിച്ച 17/05/2019-ലെ DPTVPM/President/2019 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ചെറുന്നിയൂർ ഡിവിഷൻ മെമ്പറായ ശ്രീ. കൃഷ്ണൻകുട്ടി ക്യാൻസർ രോഗബാധിതനായി R C C യിൽ ചികിത്സയിലാണെന്നും, നാല് ലക്ഷത്തോളം രൂപ ചെലവ് വന്നിട്ടുണ്ടെന്നും, സ്വന്തമായി ഭൂമിയോ മറ്റ് വരുമാന മാർഗ്ഗങ്ങളോ ടിയാൾക്ക് ഇല്ലാത്തതിനാൽ ചികിത്സാ സഹായമായി 4 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ടിയാന് അനുവദിയ്ക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (1)ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് & ജില്ലാ ആസൂത്രണ സമിതി ചെയർമാൻ പരാമർശം (2) കത്ത് പ്രകാരം അപേക്ഷിച്ചിരിക്കുന്നു. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ 2019-20 വാർഷിക ബഡ്ജറ്റിൽ മെഡിക്കൽ അലവൻസ് ഉൾപ്പെടെയുള്ള ബത്തകൾക്കായി 1 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ചെറുന്നിയൂർ ഡിവിഷൻ മെമ്പറായ ശ്രീ. കൃഷ്ണൻകുട്ടിയുടെ രോഗാവസ്ഥയും സാമ്പത്തിക പരാധീനതയും പരിഗണിച്ച് ചികിത്സാ സഹായമായി 4,00,000/- ( നാല് ലക്ഷം ) രൂപ ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിയ്ക്കുന്നതിന് യഥേഷ്ടാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

File No.LSGD-FM2/81/2019-LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബീനമോൾ കെ ജെ**
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പ്രസിഡന്റ്/സെക്രട്ടറി തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Remolo.

സെക്ഷൻ ഓഫീസർ

Fm - 5